പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1015 29.09.2011- ൽ മറുപടിക്ക്

## സംസ്ഥാനത്തെ ഫ്ളഡ് റിലീഫ് വർക്കുകൾ അനുവദിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഫ്ളഡ് റിലീഫ് വർക്കുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | 2011-12 വർഷത്തിൽ ആറ്റിങ്ങൽ മണ്ഡലത്തിൽ അംഗീകാരം നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | 2011-12 ൽ ആറ്റിങ്ങൽ മണ്ഡലത്തിൽ അംഗീകാരം നൽകിയ പ്രവൃത്തികൾ ഇവയാണ്.<br>1. കോട്ടൂർകോണം റോഡ് കിളിമാനൂർ - 5,00,000/- രൂപ<br>2. പ്ലാക്കോട്ട് - കിളത്തറ റോഡ് കിളിമാനൂർ - 3,00,000/- രൂപ<br>3. ദേവസ്വം വിള കോളനി റോഡ് ആറ്റിങ്ങൽ - 5,00,000/- രൂപ<br>4. പ്രസിഡന്റ് ജംഗ്ഷൻ മാവേലിക്കോണം ഒറ്റൂർ - 5,00,000/- രൂപ |
| (സി) | ഫ്ളഡ് റിലീഫ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | എം.എൽ.എ മാർ ആവശ്യപ്പെട്ടാൽ പോലും പ്രസ്തുത ഉദ്യോഗസ്ഥർ അത്യാവശ്യ വിവരങ്ങൾ നൽകാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | മുൻ വർഷങ്ങളിൽ സർക്കാർ അനുമതി നൽകിയ പ്രവർത്തികളിൽ നിർമ്മാണം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനം ഉണ്ടോ; | (ഇ) | ഉണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് ചുമതല. |
| (എഫ്) | ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ വേണ്ടത്ര താൽപ്പര്യമെടുക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ഇല്ല. |
| (ജി) | പ്രസ്തുത വർക്കുകൾ കൃത്യസമയത്ത് തുടങ്ങാനും വർക്ക് ഏറ്റെടുത്ത് ചെയ്യുന്നവർക്ക് തുക നൽകാനും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു പ്രത്യേക സംവിധാനം കളക്ടറേറ്റിൽ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ? | (ജി) | നിലവിൽ ഇത്തരം സംവിധാനമുണ്ട്. |

സെക്ഷൻ ഓഫീസർ